# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 217 06.01.2014-ൽ മറുപടിയ്ക്ക്**

**സൈബർ സെല്ലിനെ ഉപയോഗിച്ച് മൊബൈൽ ഫോൺ ലൊക്കേഷനുകളും ഫോൺ വിവരങ്ങളും ചോർത്തൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) പോലീസ് സൈബർ സെല്ലിനെ ഉപയോഗിച്ച് മൊബൈൽ ഫോൺ ലൊക്കേഷനുകളും ഫോൺ വിവരങ്ങളും ചോർത്തിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) പ്രസ്തുത സംവിധാനം സംസ്ഥാനത്ത് രാഷ്ട്രീയ നേതാക്കളുടെ ഫോൺ വിവരങ്ങൾ ചോർത്തുന്നതിന് നിയമവിരുദ്ധമായി വിനിയോഗിക്കപ്പെടുന്നതായി അറിയാമോ ; തങ്ങളുടെ ഫോൺ ചോർത്തുന്നു എന്നു പരാതിപ്പെട്ട രാഷ്ട്രീയ - സാമുദായിക നേതാക്കൾ ആരൊക്കെയായിരുന്നു ; എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | (എ) & (ബി) 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 – ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവയിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ കൃത്യമായും പാലിച്ചുകൊണ്ട് ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ടെലഫോണുകൾ നിരീക്ഷിക്കുന്നതിന് അനുമതി നൽകുന്നത്. നിയമാനുസൃതം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ടെലഫോണുകൾ നിരീക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫോൺ സംഭാഷണങ്ങൾ നിരീക്ഷിക്കുന്നു എന്നാരോപിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. സർക്കാരിലും സി. പി. ഐ. (എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ സംസ്ഥാന പോലീസ് മേധാവിക്കും, ശ്രീമതി. കെ. കെ. ലതിക, എം. എൽ. എ., ബഹു. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജ് എന്നിവർ ബഹു. നിയമസഭാ സ്പീക്കർക്കും പരാതി നല്കിയിരുന്നു. ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ജയരാജൻ, ശ്രീ. എളമരം കരീം, എം.എൽ.എ എന്നിവർ കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ഫോൺ സംഭാഷണങ്ങൾ നിരീക്ഷിക്കുന്നു എന്ന് എൻ. എസ്. എസ്. ജനറൽ സെക്രട്ടറി ശ്രീ. ജി. സുകുമാരൻ നായർ പത്രസമ്മേളനത്തിലൂടെ അറിയിച്ചിരുന്നെങ്കിലും രേഖാമൂലം പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല. |
| സി) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന വ്യക്തി ഈ സംവിധാനം ദുർവിനിയോഗം ചെയ്തു എന്ന കാര്യം അന്വേഷണത്തിൽ തെളിഞ്ഞിരുന്നുവോ ; മറ്റ് ഏതെല്ലാം ഫോൺ വിവരങ്ങൾ ചോർത്തപ്പെട്ടതായി കണ്ടെത്തുകയുണ്ടായി ; വിശദമാക്കാമോ? | (സി) ഓച്ചിറ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1304/13 കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ അറിയാതെ ഒരു വ്യക്തിയുടെ മൊബൈൽ നമ്പരിന്റെ ടവർലൊക്കേഷൻ സൈബർ സെല്ലിൽനിന്നും പൂജപ്പുര പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. മുഖാന്തിരം മുഖ്യമന്ത്രിയുടെ മുൻ ഗൺമാനായിരുന്ന സലീം രാജ് ശേഖരിച്ചതായി വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ